# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2681 | | 09.05.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **നേമത്ത് പ്രധാനമന്ത്രി ആവാസ് യോജനപ്രകാരം അനുവദിച്ച വീടുകൾ** | | | |
| **ചോദ്യം** | | **മറുപടി** | |
| **ശ്രീ.ഒ. രാജഗോപാൽ** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | 2016-17 സാമ്പത്തിക വർഷം നേമം മണ്ഡലത്തിൽ പ്രധാനമന്ത്രി ആവാസ് യോജന പ്രകാരം എത്ര പേർക്ക് വീടുകൾ അനുവദിച്ചെന്ന് വിശദമാക്കാമോ; | (എ) | 2016-17 സാമ്പത്തിക വർഷത്തിൽ നേമം മണ്ഡലത്തിൽ പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം ആർക്കുംതന്നെ ഭവന നിർമ്മാണാനുകൂല്യം നൽകിയിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താക്കളെ എങ്ങനെയാണ് തെരഞ്ഞെടുക്കുന്നത്; | (ബി) | നഗരസഭകളിൽ സർവ്വേ നടത്തി ടി സർവ്വേയിൽ ഉൾപ്പെട്ടവരെ വാർഡ് സഭകളിൽ വച്ച് മുൻഗണനാക്രമം നിശ്ചയിച്ച് ഗുണഭോക്തൃപട്ടിക നഗരസഭാതലത്തിൽ തയ്യാറാക്കുന്നു. |
| (സി) | ഈ പദ്ധതി നടപ്പിലാക്കുന്നതിനായി എത്ര രൂപയാണ് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് ലഭ്യമാക്കിയിട്ടുള്ളത്? | (സി) | ടി പദ്ധതി പ്രകാരം 51.68 കോടി രൂപ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ